K26FY1024 Pages: 2 Reg No:................

Name:................

# Second Semester FYUGP Degree (Reg/Sup) Examination
## April 2026
## KU2AECMAL106 - BHASHASAHITHYAVYAVAHARANGAL
2024 Admission onwards

Time : 1.5 hours Maximum Marks : 35

### Section A

**Answer any 6 questions. Each carry 2 marks.**

1. അന്തുരാൻ നേണിക്കം എന്ന ആചാര ബഹുമതിയിൽ അറിയപ്പെടുന്ന എ.വി. ബാലൻ ആദ്യമായി തെയ്യം കെട്ടിയ അനുഭവം വിവരിക്കുക.
2. ശങ്കറിന്റെ മുത്തച്ഛനായ നീലകണ്ഠൻ വല്യച്ചന്റെ പുരോഗമന നിലപാടുകൾ ശങ്കറിന് ഗുണകരമായിത്തീർന്നതെങ്ങനെ
3. ലോകത്തിൽ മറ്റൊരിടത്തും കണ്ടുകിട്ടാത്ത അദ്ഭുത ദൃശ്യം' എന്ന് ഫിൻലൻഡിലെ തടാകക്കാഴ്ചയെ എസ് കെ പൊറ്റെക്കാട്ട് വിശേഷിപ്പിച്ചതെന്തുകൊണ്ട്? വിശദമാക്കുക.
4. സി.ജെ.യ്ക്ക് റോസി അയച്ച ആദ്യത്തെ കത്തിന്റെ പ്രത്യേകതയെന്തായിരുന്നു?
5. "കോളേജിലെ നാടകസംഘത്തിന്റെ പ്രവർത്തനത്തിന് കുറേക്കാലം മാന്ദ്യം സംഭവിക്കാനിടയായി" എന്ന് കേശവമേനോൻ സ്മരിക്കുന്ന സംഭവം ഏത് ?
6. "മരിച്ചു കൊണ്ടിരിക്കുന്ന അവൻ എനിക്ക് വഴി മാറിത്തരുന്നതല്ലേ അച്ഛാ കൂടുതൽ നല്ലത്" (കറവറ്റ പശു) - സന്ദർഭം വിശദമാക്കുക.
7. എസ്.കെ. പൊറ്റെക്കാട്ട് ഉൾപ്പെടെ അറുപത് ഇന്ത്യൻ പ്രതിനിധികളുടെ ഫിൻലൻഡിലേക്കുള്ള യാത്രോദ്ദേശ്യം എന്തായിരുന്നു?
8. കറവറ്റ പശു എന്ന നാടകത്തിലെ വൃദ്ധനെ കൊല്ലുന്നതാണ് നല്ലതെന്ന് പുരുഷുവിന് തോന്നാനിടയായ സാഹചര്യമെന്ത്?

### Section B

**Answer any 4 questions. Each carry 4 marks.**

9. വനസമ്പത്തുമായി ഇഴുകിച്ചേർന്ന ജീവിതരീതി പിൻതുടരുന്ന ജനതയെയാണ് ഫിൻലൻഡിൽ എസ്.കെ. പൊറ്റെക്കാട്ട് കണ്ടത്. - വിശകലനം ചെയ്യുക.
10. സാമ്പത്തിക പ്രതിസന്ധികളിൽ പതറാത്ത വ്യക്തിത്വമായിരുന്നു ശങ്കർ എന്ന വിദ്യാർത്ഥിയുടെത് എന്ന് ജീവചരിത്രകാരൻ വ്യക്തമാക്കുന്നതെങ്ങനെ?വിശദമാക്കുക.
11. സ്വന്തം പേരിനെ സാധൂകരിക്കുന്ന സ്വഭാവമാണ് സുശീലയുടേത്. കറവറ്റ പശു എന്ന നാടകത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.

Don Bosco Arts and Science College Library Angadikadavu, Kannur lib.donbosco.ac.in

12. വിദ്യാർത്ഥി ജീവിതത്തിന്റെ തികച്ചും വ്യത്യസ്തമായ അനുഭവാഖ്യാനങ്ങളാണ് കഴിഞ്ഞകാലം, ഇവൻ എന്റെ പ്രിയ സി.ജെ എന്നീ കൃതികളിലുള്ളത് - പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

13. പൊരുതി മുന്നേറിയ ജീവിതമാണ് സിജെ തോമസിന്റേത് എന്ന് 'ഇവൻ എന്റെ പ്രിയ സിജെ ' എന്ന കൃതി വ്യക്തമാക്കുന്നുണ്ട് - പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.

14. കറവറ്റ പശു എന്ന നാടകത്തിലെ അച്യുതൻ എന്ന കഥാപാത്രത്തെ വിലയിരുത്തുക.

## Section C

Answer any 1 questions. Each carry 7 marks.

15. കാലത്തിന്റെ പരിണാമ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന സാംസ്കാരിക ചിന്തകളാണ് 'തെയ്യം എന്ന ശരീര രാഷ്ട്രീയം,' ആവിഷ്കരിക്കുന്നത്. - വിശകലനം ചെയ്യുക.

16. സന്തോഷങ്ങളും പരാതികളും വിയോജിപ്പുകളും പ്രകടിപ്പിക്കുന്ന നിഷ്കളങ്കരായ ഗ്രാമീണരെയാണ് കർലോട്ടിയിൽ അനിതാതമ്പി നേരിട്ട് പരിചയപ്പെട്ടത്. - വിശകലനം ചെയ്യുക.

Library
Don Bosco Arts and Science College
Angadikadavu, Kannur
lib.donbosco.ac.in